**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2325** **07.02.2019 ൽ മറുപടിക്ക്.**

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വെള്ളപ്പൊക്കത്തിൽ നശിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി റവന്യൂ വകുപ്പ മുഖേന ഫ്ലഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ കൺവീനർ വർക്കുകളായി, ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്നവയിൽ, ജി.എസ്.ടി അടയ്ക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ലാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ചരക്കുസേവന നികുതി നിയമപ്രകാരം 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിൽ കൂടുതലുള്ളവർക്ക് മാത്രമേ രജിസ്ട്രേഷൻ എടുക്കുന്നതിനും നികുതി അടയ്ക്കുന്നതിനും ബാധ്യതയുള്ളൂ. ഇത് 40 ലക്ഷം രൂപയാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 50 ലക്ഷം രൂപ വരെ വിറ്റുവരവുള്ളവർക്ക് 6% നികുതി നിരക്കിൽ കോംപോസിഷൻ പദ്ധതി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ 20 ലക്ഷം രൂപ വാർഷിക വിറ്റുവരവിന് മുകളിൽ കരാർ നടത്തുകയാണെങ്കിൽ മാത്രമേ ഗുണഭോക്തൃ കമ്മിറ്റികളോ മറ്റു കരാറുകാരോ ചരക്കുസേവന നികുതി നിയമമനുസരിച്ച് ചരക്കുസേവനനികുതി രജിസ്ട്രേഷൻ എടുക്കുകയും നികുതി ഒടുക്കുകയും ചെയ്യേണ്ടതുള്ളൂ. ഈ വിഷയം സംബന്ധിച്ച് നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ജി.എസ്.ടി രജിസ്ട്രേഷൻ സൗകര്യമില്ലാത്ത ഗുണഭോക്തൃ കൺവീനർമാർ നേതൃത്വം കൊടുത്ത് നടത്തുന്ന പ്രവൃത്തികൾ ഇതുമൂലം നടപ്പാക്കാൻ കഴിയാതെവന്നിരിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**